LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി(ശ്രീ. വി. എസ്. ശിവകുമാർ): സർ, 1893-ൽ സ്ഥാപിക്കപ്പെട്ട ആ മേഖലയിലെ ഒരു പ്രധാനപ്പെട്ട ആശുപത്രിയാണ് വൈക്കം താലൂക്ക് ആശുപത്രി. 272 കിടക്കകളുള്ള വൈക്കം താലൂക്കാശുപത്രിയിൽ പ്രതിദിനം ശരാശരി ഒ.പി. 1200-ഉം ഐ.പി. 150-ഉം ആണ്. അവിടെ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടിയുള്ള പല പദ്ധതികളും നടന്നുകൊണ്ടിരിക്കുകയാണ്. മദർ ആന്റ് ചിൽഡ്രൻ വാർഡിന് 10 കോടിരൂപ അനുവദിക്കുകയും അതിന്റെ ടെണ്ടർ നടപടികൾ കഴിയുകയും ചെയ്തിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്. കാഷ്വാലിറ്റി ബ്ലോക്കിൽ 2.50 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, റേഡിയോളജി ഡിപ്പാർട്ടുമെന്റ്, 1.50 കോടിരൂപയുടെ ഓപ്പറേഷൻ തിയേറ്റർ തുടങ്ങിയവയുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളെല്ലാം പുരോഗതിയിലാണ്. 23 ഡോക്ടർമാരുൾപ്പെടെ 157 തസ്തികകൾ അനുവദിച്ചിട്ടുണ്ട്; അതിൽ 4 ഡോക്ടർമാരുടെ ഒഴിവുണ്ട്. അഡ്മേറാക്ക് വ്യവസ്ഥയിലും എൻ.ആർ.എച്ച്.എം. മുഖേനയും പ്രസ്തുത ഒഴിവുകൾ നികത്തിയിട്ടുണ്ട്. വൈക്കം താലൂക്കാശുപത്രിയിൽ കാർഡിയോളജിയൂണിറ്റ് അനുവദിക്കുന്നതിന് ഒരു ഓർത്തോപീഡിക് ഡോക്ടറുടെ നിയമനം നടത്തുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുൻ കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും 50 ലക്ഷം രൂപ ചെലവിട്ട് നിർമ്മിക്കുന്ന ഡയഗ്നോസ്റ്റിക്സ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. നേരത്തെ പൂണ്ടിക്കാണിച്ചതുപോലെ ഈ ആശുപത്രിയോടു ചേർന്ന് ഡബ്ല്യു. ആന്റ് സി-ക്കുവേണ്ടി 10 കോടി രൂപയുടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വൈക്കം താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തണമെന്നാവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട നിവേദനം സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

10.52.AM

VII റിപ്പോർട്ട് സമർപ്പണം

1. സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട് സമർപ്പണം

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം മാണി): സർ, മദ്യാസക്തിക്കും മയക്കുമരുന്നുപയോഗത്തിനുമെതിരായി വിവിധ സർക്കാർ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട ബോധവൽക്കരണ/പ്രചരണ പരിപാടികൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ടും 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും ഞാൻ സമർപ്പിക്കുന്നു.

10.54.AM